# മുഅ്മിനീങ്ങൾക്കുവേണ്ടി 'ഇസ്തിഗ്ഫാറി'ന് തേടുന്നതിന്റെ മഹത്വം

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«مَنْ استَغْفَرَ لِلْمُؤْمِنِينَ والْمُؤْمِنَاتِ كَتَبَ اللهُ لَهُ بِكُلِّ مُؤْمِنٍ وَمُؤْمِنَةٍ حَسَنَةً»

«ആരെങ്കിലും, സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടി പാപമോചനത്തിന് തേടിയാൽ എല്ലാ ഓരോ സത്യവിശ്വാസിയെക്കൊണ്ടും സത്യവിശ്വാസിനിയെക്കൊണ്ടും അവന് ഓരോ നന്മ അല്ലാഹു രേഖപ്പെടുത്തും» [1]

നൂഹ് നബിعليه السلامയുടെ പ്രാർത്ഥന:

﴿ رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ مُؤْمِنًا وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ﴾

{{എന്റെ രക്ഷിതാവേ എനിക്കും എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവനും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും നീ പൊറുത്ത് തരേണമേ....}} (നൂഹ്: 28)

ഇബ്റാഹീം നബിعليه السلامയുടെ പ്രാർത്ഥന:

﴿ رَبَّنَا ٱغْفِرْ لِى وَلِوَٰلِدَىَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ ٱلْحِسَابُ ﴾

{{ഞങ്ങളുടെ രക്ഷിതാവേ വിചാരണ നിലവിൽവരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തു തരേണമേ}} (ഇബ്റാഹീം: 41)

സത്യവിശ്വാസികളായ ദാസന്മാരെ പുകഴ്ത്തിക്കൊണ്ട് അല്ലാഹുسبحانه وتعالى പറഞ്ഞു:

---

[1] ത്വബറാനി. അൽബാനി ഹദീഥിനെ 'ഹസനാ'ക്കിയിട്ടുണ്ട്.

﴿ وَٱلَّذِينَ جَآءُو مِنۢ بَعۡدِهِمۡ يَقُولُونَ رَبَّنَا ٱغۡفِرۡ لَنَا وَلِإِخۡوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلۡإِيمَٰنِ وَلَا تَجۡعَلۡ فِي قُلُوبِنَا غِلّٗا لِّلَّذِينَ ءَامَنُواْ رَبَّنَآ إِنَّكَ رَءُوفٞ رَّحِيمٌ ﴾

{{അവരുടെ ശേഷം വന്നവർക്കും. അവർ പറയും: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞു പോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്ത് തരേണമേ. സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാ നിധിയുമാകുന്നു.}} (ഹശ്റ്: 10)

അമീർ നായിഫ് ഇബ്നു മംദൂഹ് ആലു സുഊദിന്റെ 'ഫുറസ്വു കസ്ബി ഥ്ഥവാബ്' എന്ന ഗ്രന്ഥത്തിൽ നിന്ന്
വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല